"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - നിയമനാംഗീകാരം - ശ്രീമതി. സുരണ്യ. വി, യു.പി.എസ്.ടി, ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂൾ, കോഴിക്കോട് - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.2813/2025/GEDN തീയതി,തിരുവനന്തപുരം, 23-04-2025

---

പരാമർശം:-
1. ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂൾ മാനേജർ സമർപ്പിച്ച 13/12/2024 തീയതിയിലെ റിവിഷൻ ഹർജി
2. കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07/03/2025 തീയതിയിലെ DEOKKD/189/2025-B1 നമ്പർ കത്ത്
3. കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18/03/2025 തീയതിയിലെ ഡി.ഡി.ഇ/ബി 5/1216/2025 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/03/2025 തീയതിയിലെ DGE/3831/2025-EM5 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ഫാറൂഖ് ഹയർസെക്കഡറി സ്കൂളിലെ യു.പി.എസ്.ടി ആയ ശ്രീമതി. സുരണ്യ വി. യുടെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ സമർപ്പിച്ച പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരനേയും ബന്ധപ്പെട്ട മറ്റ് കക്ഷികളേയും 28.03.2025 ന് കേൾക്കുകയുണ്ടായി.

**2. ഹിയറിംഗ് വേളയിലെ മാനേജരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു :-**

ഈ വിഷയത്തിൽ 13-12-2024 ന് താൻ സമർപ്പിച്ച റിവിഷൻ അപ്പീലിൽ പരാമർശിച്ച പോലെ ശ്രീമതി. സുരണ്യ. വി. യുടെ 01-06-2023 മുതൽ ശ്രീമതി. രഹ്ന. പി. യുടെ ഉദ്യോഗക്കയറ്റ ഒഴിവിലുള്ള യു.പി.എസ്.ടി നിയമനം

അംഗീകരിക്കുന്നതിനെതിരെ വകുപ്പ് തലത്തിൽ ഉന്നയിക്കപ്പെട്ട "(1) ഭിന്നശേഷി നിയമനത്തിന് നീക്കിവെച്ച ഒഴിവ് ക്രമ പ്രകാരമല്ല (2) സ.ഉ.(പി) 4/2021 പ്രകാരമുള്ള സത്യപ്രസ്താവന പ്രകാരം ആവശ്യമായ ഒഴിവ് മാറ്റിവെച്ചിട്ടില്ല.' എന്നീ രണ്ട് കാരണങ്ങളും നിയമപ്രകാരം നിലനിൽക്കുന്നതല്ലെന്ന് ബോധിപ്പിക്കുന്നു.

ഭിന്നശേഷി നിയമനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 01-11-2023 ലെ ജെ.ആർ 1/502/2023/പൊ.വി.വ നമ്പർ കത്തിലെ വ്യവസ്ഥകൾ പ്രകാരം ഈ നിയമനം അംഗീകരിക്കുന്നതിൽ നിലവിൽ തടസമില്ല.

സ.ഉ. (പി) നമ്പർ 4/2021/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം സമർപ്പിച്ച സത്യപ്രസ്താവനയിൽ ബഹു. സുപ്രീം കോടതി വിധിക്ക് വിധേയമായി നിശ്ചിത എണ്ണം സംരക്ഷിത അധ്യാപകരെ നിയമിക്കാമെന്നാണ് പ്രസ്താവിച്ചിരുന്നത്. ബഹു. സുപ്രീംകോടതിയിൽ നിലവിലുള്ള കേസുകളിലൊന്നും അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല എന്ന നിലക്ക് ഈ ഘട്ടത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടിയിരുന്നു എന്ന വാദവും വസ്തുതകൾക്ക് നിരക്കുന്നതല്ല.

2022-23 വർഷത്തെ അധിക തസ്തികയിൽ 14-11-2022 മുതൽ നിയമിക്കപ്പെട്ട് തുടർന്നു വന്നിരുന്ന ശ്രീമതി. സുരണ്യ വി. യെ സർക്കാരിന്റെ തന്നെ മുൻതീരുമാനങ്ങളുടെ വെളിച്ചത്തിൽ ആദ്യം ലഭ്യമായ സ്ഥിരം ഒഴിവിലേക്ക് 01-06-2023 മുതൽ ക്രമീകരിച്ച് നിയമിക്കുകയാണ് ചെയ്തിരുന്നത്. ആദ്യനിയമന തീയ്യതിയായ 14-11-2022 മുതൽ 31-05-2023 വരെ അവർ യഥാർത്ഥത്തിൽ നിയമിതയായ' അധിക തസ്തികയിൽ തന്നെ തുടരുകയാണ് ചെയ്തത്. ഈ കാലയളവിലേക്കുള്ള അംഗീകാരത്തിന് ഈ ഘട്ടത്തിൽ ആവശ്യം ഉന്നയിച്ചിട്ടുമില്ല.

ആയതിനാൽ തന്റെ റിവിഷൻ അപ്പീൽ പരിഗണിച്ച് ശ്രീമതി. സുരണ്യ വി. യുടെ യു.പി.എസ്.ടി നിയമനം അവരെ സ്ഥിരം തസ്തികയിൽ ഉൾക്കൊള്ളിച്ച് ക്രമീകരിച്ച 01-06-2023 മുതൽ അംഗീകരിക്കാൻ ഉത്തരവ് നൽകേണ്ടതാണ്.

**3. വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട്  ചുവടെ ചേർക്കുന്നു :-**

ഫാറൂഖ് ഹൈസ്കൂളിലെ **2022-23** ലെ അധിക യു.പി.എസ്.ടി തസ്തികയിൽ മാനേജർ **14/11/2022** മുതൽ ശ്രീമതി. സുരണ്യ വി- യെ യു.പി.എസ്.ടി ആയി നിയമിക്കുകയുണ്ടായി. എന്നാൽ താഴെ സൂചിപ്പിക്കുന്ന കാരണങ്ങൾ ചൂണ്ടിക്കാട്ടി കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിക്കുകയുണ്ടായി.

1. മാനേജർ **04/07/2023** ന് ഭിന്നശേഷി നിയമനം നടുത്തുന്നത് സംബന്ധിച്ചു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ **31/03/2023** നു പ്രൊമോഷൻ വഴി ഉണ്ടായ **LG** അറബിക് തസ്തികയാണ് ഭിന്നശേഷി നിയമനത്തിനായി മാറ്റി വെച്ചിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട് സ.ഉ. **(**കൈ**)** നം. **29/2023** പൊ .വി വകുപ്പ് തീയ്യതി **24/03/2023 &** പൊതു വിദ്യഭ്യാസ ഡയറക്ടറുടെ **31/03/2023 H2/295299/21**ഡിജിഇ ഉത്തരവിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഒഴിവുകളല്ല ഭിന്നശേഷി സംവരണത്തിനായി മാറ്റി വെച്ചത്.

2. **GO (P) 4/2021** പ്രകാരമുള്ള സത്യപ്രസ്താവന **6** അധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിനു വേണ്ടി മാനേജർ സമർപ്പിച്ചിരുന്നു, ഇതിൽ ഭാവിയിൽ ഉണ്ടാവുന്ന ഒഴിവ് സംരക്ഷിത അധ്യാപകർക്കായി മാറ്റിവെക്കും എന്ന് സത്യപ്രസ്താവന നടത്തിയിട്ടുണ്ട്. ഇതിലേക്കായി ഇപ്പോൾ ഒഴിവ് മാറ്റി വെച്ചിട്ടില്ല.

തുടർന്ന് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ, ശ്രീമതി. സുരണ്യ വി. യുടെ നിയമനം **2022-23** വർഷത്തെ അധിക തസ്തികയിലായതിനാൽ **23/01/2023** ലെ **GO(P) No. 2/2023/GEDN.** പ്രകാരം **1:1** പാലിക്കേണ്ടതിനാൽ നിരസിക്കുകയാണുണ്ടായത്.

മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി പ്രകാരം ശ്രീമതി. സുരണ്യ വി. യുടെ **14/11/2022** മുതലുള്ള അധിക തസ്തികയിലെ നിയമനാംഗീകാരം നിലവിൽ പരിഗണിക്കാനാവില്ലെങ്കിൽ, **01/6/2023** മുതലുള്ള ശ്രീമതി. ആയിഷ രഹ്നയുടെ സ്ഥാനക്കയറ്റം മൂലം ലഭ്യമായ സ്ഥിരം ഒഴിവിലേക്ക് മാനേജർ

01/8/2024 നു നടത്തിയ ലാവണ ക്രമീകരണം പ്രകാരം അധ്യാപികയുടെ നിയമനം 01/6/2023 മുതലുള്ള UPST തസ്തികയിൽ ഭിന്നശേഷി സംവരണ നിയമങ്ങൾക്ക് വിധേയമായി അംഗീകരിക്കാനാണ് മാനേജർ അപേക്ഷിച്ചിട്ടുള്ളത് .

**4. മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.**

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ഫാറൂഖ് ഹയർസെക്കന്ററി സ്കൂളിൽ യു.പി.എസ്.ടി ആയ ശ്രീമതി. സുരണ്യ വി. യുടെ നിയമനം ടിയാളെ സ്ഥിരം തസ്തികയിൽ ഉൾക്കൊള്ളിച്ച് ക്രമീകരിച്ച 1/6/2023 മുതൽ അംഗീകരിച്ച് നൽകണമെന്നതാണ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം.

ഫാറൂഖ് ഹയർസെക്കണ്ടറി സ്കൂളിൽ 2022-23 അദ്ധ്യായന വർഷത്തിൽ അനുവദിക്കപ്പെട്ട അധിക യു. പി. എസ്. ടി. തസ്തികയിൽ ശ്രീമതി. സുരണ്യ വി. യെ 14/11/2022 മുതൽ മാനേജർ നിയമിച്ചു.

അധിക തസ്തികയിലെ നിയമനമായതിനാലും മാനേജർ ഭിന്നശേഷി നിയമനം നടത്തുന്നതിന് ആദ്യ ഒഴിവല്ല റിപ്പോർട്ട് ചെയ്തിട്ടുള്ളത്, G.O(P) 4/2021/G.Edn. ഉത്തരവിലെ സത്യപ്രസ്താവന പ്രകാരം സംരക്ഷിത അധ്യാപകർക്കായി ഒഴിവ് മാറ്റി വച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിച്ചു.

2022-23 വർഷത്തെ അധിക തസ്തികയിലെ നിയമനമായതിനാൽ 23/01/2023 ലെ ജി.ഒ.(പി) നമ്പർ 02/2023/പൊ.വി.വ ഉത്തരവ് പ്രകാരം പരിഗണിക്കാൻ കഴിയാത്തതുകൊണ്ട് നിയമന നിരസനത്തിനെതിരെ സമർപ്പിച്ച അപ്പീലും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ചു. 2022-23 അദ്ധ്യയന വർഷത്തെ അധിക തസ്തികയിലെ നിയമനം 1:1 അനുപാതം പാലിച്ചിട്ടില്ല എന്നതിനാൽ റിവിഷൻ അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചു.

2022-23 വർഷത്തിൽ അധിക തസ്തികയിൽ നിയമിതരായി തുടർന്ന് വരുന്ന യു. പി .എസ്. ടി മാരെ 2023-24 വർഷത്തെ സ്ഥിരം ഒഴിവുകളിലേക്കും പ്രസ്തുത ഒഴിവുകളിൽ നിയമിതരായവരെ അധിക തസ്തികകളിലേക്കും മാറ്റി മാനേജർ ലാവണം ക്രമീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സുരണ്യ വി. യെ 01/06/2023 മുതൽ ശ്രീമതി. ആയിഷ രഹ്നയുടെ എച്ച്. എസ്. ടി. സ്ഥാനക്കയറ്റ ഒഴിവിലേക്ക് മാറ്റി നിയമിച്ചു. ശ്രീമതി. സുരണ്യ വി. യുടെ 14/11/2022 മുതലുള്ള അധിക തസ്തികയിലെ നിയമനാംഗീകാരം പരിഗണിക്കുന്നില്ലെങ്കിൽ 01/06/2023 മുതലുള്ള റഗുലർ ഒഴിവിലെ നിയമനം ഭിന്നശേഷി നിയമന വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിക്കണം എന്നതാണ് മാനേജരുടെ ആവശ്യം. എന്നാൽ മാറ്റി നിയമിച്ചത് സംബന്ധിച്ച പ്രൊപ്പോസൽ സമന്വയ വഴി നാളിതുവരെ സമർപ്പിച്ചിട്ടില്ല എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. സുരണ്യ വി. യുടെ 14/11/2022 മുതലുള്ള അധിക തസ്തികയിലെ നിയമനാംഗീകാരം 1:1 അനുപാതം പാലിച്ചിട്ടില്ല എന്നതിനാൽ പരിഗണനാർഹമല്ല. ഈ സാഹചര്യത്തിൽ 01/06/2023 മുതലുള്ള റഗുലർ ഒഴിവിലെ നിയമനം ഒരു പുതിയ നിയമനമായി കണക്കാക്കി, മാനേജർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് കാലതാമസം ഉണ്ടായതായി കണക്കാക്കാതെ നിലവിലെ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തി കൊണ്ട് പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SWAPNA P**
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട്

മാനേജർ, ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂൾ, ഫാറൂഖ് കോളേജ് പി.ഒ, കോഴിക്കോട് - 673632

ശ്രീമതു സുരണ്യ. വി, യു.പി.എസ്.ടി, ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂൾ, ഫാറൂഖ് കോളേജ് പി.ഒ, കോഴിക്കോട് - 673632

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M സെക്ഷൻ ഓഫീസർ
Date: 24-04-2025 17:03:12